പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1738 — 03.05.2017 — ൽ മറുപടിക്ക്

## റേഷൻ പഞ്ചസാര വിഹിതത്തിലെ കുറവ്

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

,, ജി.എസ്.ജയലാൽ

,, കെ .രാജൻ

ശ്രീമതി സി.കെ .ആശ :

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ പഞ്ചസാര വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഹിതത്തിൽ ഇപ്പോൾ കേന്ദ്രസർക്കാർ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ എന്ത് തരത്തിലുള്ള സമ്മർദ്ദമാണ് സംസ്ഥാന സർക്കാർ ചെലുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും നിലവിൽ പ്രതിമാസം 4103 മെട്രിക് ടൺ പഞ്ചസാരയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. കിലോഗ്രാമിന് 18.50 രൂപയാണ് കേന്ദ്ര സബ്സിഡി. 2016-17 സാമ്പത്തിക വർഷത്തിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് പഞ്ചസാര സബ്സിഡി നൽകുന്നതിനായി കേന്ദ്രം 4500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ 2017-18 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ബഹു. കേന്ദ്ര ധനകാര്യ മന്ത്രി 200 കോടി രൂപ മാത്രമാണ് പഞ്ചസാര സബ്സിഡിക്ക് വകയിരുത്തിയിരിക്കുന്നതെന്ന് പത്രമാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അനുവദിച്ചിരിക്കുന്ന 200 കോടി രൂപ മുൻ സാമ്പത്തിക വർഷത്തിലെ സബ്സിഡി കുടിശ്ശിക നൽകുന്നതിനാണെന്നും പത്ര വാർത്തകളുണ്ട്. ഇപ്രകാരം 01.04.2017 മുതൽ പഞ്ചാസാരയ്ക്കുള്ള കേന്ദ്ര സബ്സിഡി ലഭിക്കില്ല എന്നുള്ള അഭ്യൂഹങ്ങൾ നിലനിൽക്കുന്നു. എന്നാൽ ഇത് സംബന്ധിച്ചുള്ള രേഖാമൂലമുള്ള അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചസാര സബ്സിഡി സംവിധാനം നിലനിർത്തണമോ എന്ന വിഷയം കേന്ദ്ര സർക്കാർ പരിശോധിച്ചുവരികയാണെന്നും ഇതു സംബന്ധിച്ചുള്ള തുടർ നിർദ്ദേശങ്ങൾക്കായി കാക്കണമെന്നും കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിന്റെ 22.03.17 ലെ കത്തു പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

*സെക്ഷൻ ഓഫീസർ*